KERALA POLICE INFORMATION CENTRE

No.42/PR/PIC/PHQ/10 Date : 22/07/10

## സിം കാർഡ് ദുരുപയോഗം; പോലീസ് നടപടി ശക്തമാക്കുന്നു

സംസ്ഥാനത്ത് വ്യാജ പേരിലുള്ള സിംകാർഡ് ഉപയോഗം വ്യാപകമായി വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സിംകാർഡ് കൈവശം വയ്ക്കുന്നവർക്കെതിരെയും തിരിച്ചറിയൽ രേഖകൾ ശരിയായി പരിശോധിക്കാതെ സിംകാർഡ് വിതരണം ചെയ്യുന്നവർക്കെതിരെയും ശക്തമായ നിയമനടപടികൾ ആരംഭിക്കുന്നതാണ്. മൊബൈൽ വിതരണക്കാർ യാതൊരു നിയന്ത്രണവും പാലിക്കാതെയും ഉപഭോക്താവ് നൽകുന്ന മേൽവിലാസം ശരിയായ പരിശോധനയ്ക്ക് വിധേയമാക്കാതെയുമാണ് സിം കാർഡുകൾ വിതരണം ചെയ്യുന്നത് എന്ന പരാതി നിലവിലുണ്ട്. വ്യാജവിലാസങ്ങളിൽ മൊബൈൽ കണക്ഷനുകൾ എടുത്ത് ദേശവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായും സംശയിക്ക പ്പെടുന്നു. വ്യാജ പേരിൽ സിം കാർഡുകൾ ഉപയോഗിക്കുന്നവർക്കെതിരെയും അത്തരം കാർഡുകൾ ശ്രദ്ധ കൂടാതെ നൽകുന്ന സേവനദാതാക്കൾക്കെതിരെയും വിതരണക്കാർ ക്കെതിരെയും ആൾമാറാട്ടം, ചതി, വ്യാജരേഖ ചമയ്ക്കൽ എന്നീ വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചുകൊള്ളുന്നു.

വ്യാജ പേരിലുള്ള സിം കാർഡുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണം. മെച്ചപ്പെട്ട വ്യാപാരത്തിന് മൊബൈൽ സേവനദാതാക്കൾ നൽകുന്ന പ്രോത്സാഹനങ്ങൾ മോഹിച്ചാണ് പല വിതരണക്കാരും ശരിയായ പരിശോധനകൾ നടത്താതെ പരസ്പരം മത്സരിച്ച് സിം കാർഡുകൾ വിതരണം ചെയ്യുന്നത് എന്നാണ് പറയപ്പെടുന്നത്. മൊബൈൽ ഫോൺ കണക്ഷനുകൾക്ക് എത്തുന്നവർ ഹാജരാക്കുന്ന രേഖകൾ യഥാർത്ഥമാണോ, അപേക്ഷകർ തന്നെയാണോ സിം കാർഡ് കൈപ്പറ്റുന്നത്, അപേക്ഷകന്റെ മേൽവിലാസം ശരിയാണോ എന്നീ കാര്യങ്ങൾ സേവനദാതാക്കളും, വിതരണക്കാരും നിർബന്ധമായും പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്. സിം കാർഡുകൾ വ്യാജ പേരിൽ വിപണിയിൽ എത്താതിരി ക്കാനുള്ള എല്ലാ മുൻകരുതലുകളും സേവനദാതാക്കളും വിതരണക്കാരും കൈക്കൊള്ളേണ്ടത് അത്യാവശ്യമാണെന്ന് അറിയിക്കുന്നു. ഏതെങ്കിലും വിധത്തിൽ വ്യാജ പേരിൽ സിം കാർഡ് ദുരപയോഗം ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ അതിനു സഹായിച്ച എല്ലാവർക്കെതിരായും നടപടികൾ എടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇത്തരക്കാരെ കൈയ്യോടെ പിടികൂടുന്നതാണ്.

സാമൂഹ്യസുരക്ഷയെയും രാജ്യസുരക്ഷയെയും ബാധിക്കുന്ന തരത്തിലുള്ള സിം കാർഡ് ദുരുപയോഗം നടത്തുന്നവരെയും ഇവർക്ക് വ്യാജ പേരിൽ സിം കാർഡ് നേടാൻ പ്രേരണയും സഹായവും നൽകുന്ന ആളുകളെയും ശക്തമായ നിയമ നടപടിയ്ക്ക് വിധേയരാക്കും എന്ന് അറിയിക്കുന്നു.

The contents of this document may be deemed to be based on received information which is subject to further verification